**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2625** **12-10-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ്-19 പ്രതിരോധ ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | വനിതാ സഹകരണ സംഘങ്ങൾ വഴി കോവിഡ് 19-ന്റെ പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളുടെ നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സർക്കാരിന്റെ 100-ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സഹകരണ വകുപ്പിന്റെ കീഴിൽ വനിത സഹകരണ സംഘങ്ങൾ വഴി മാസ്ക്, ഹാൻഡ് വാഷ്, ക്യാരിബാഗ്, പി.പി.ഇ കിറ്റ് തുടങ്ങിയ കോവിഡ് പ്രതിരോധ സാമഗ്രികൾ നിർമ്മിയ്ക്കുന്നതിനുള്ള 10 യൂണിറ്റുകൾ 18/08/2021 -ന് ഉദ്ഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | കോവിഡ് പ്രതിരോധ സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള യുണിറ്റുകൾ ആരംഭിച്ച 10 സഹകരണ സംഘങ്ങൾക്ക് ഓഹരിയിനത്തിൽ 2 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 3 ലക്ഷം രൂപയും ചേർത്ത് ആകെ 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത ധനസഹായം അനുവദിച്ച സംഘങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## <u>ധനസഹായം അനുവദിച്ച സംഘങ്ങളുടെ പട്ടിക</u>

| നം. | വനിതാ സംഘത്തിന്റെ പേര് | പ്രോജക്ടിന്റെ പേര് |
|---|---|---|
| 1 | **തിരുവനന്തപുരം** ബാലരാമപുരം വനിതാ സഹകരണ സംഘം ക്ലിപ്തം നം.റ്റി.961 | മാസ്ക് നിർമ്മാണ യുണിറ്റ് |
| 2 | **പത്തനംതിട്ട** –ഉുവയൂർ നോർത്ത് വനിതാ സഹകരണ സംഘം ക്ലിപ്തം നം.പിറ്റി.149 | മാസ്ക്, ക്യാരി ബാഗ് നിർമ്മാണ യുണിറ്റ് |
| 3 | **കോട്ടയം** –ചങ്ങനാശ്ശേരി മുൻസിപ്പൽ വനിതാ സഹകരണ സംഘം ക്ലിപ്തം നം.കെ.964 | മാസ്ക്, ക്യാരി ബാഗ് നിർമ്മാണ യുണിറ്റ് |
| 4 | **എറണാകുളം**– കോതമംഗലം വനിതാ സർവീസ് സഹകരണ സംഘം ക്ലിപ്തം.ഇ.916 | മാസ്ക്, സാനിടൈസർ,ക്യാരി ബാഗ് നിർമ്മാണ യുണിറ്റ് |
| 5 | **തൃശ്ശൂർ**– മുണ്ടത്തിക്കോട് വനിതാ സഹകരണ സംഘം ക്ലിപ്തം.ആർ.1279 | പി.പി.ഇ. കിറ്റ്, മാസ്ക്, സാനിടൈസർ നിർമ്മാണ യുണിറ്റ് |
| 6 | **പാലക്കാട്** –തൃക്കടീരി പഞ്ചായത്ത് വനിതാ സഹകരണ സംഘം ക്ലിപ്തം.പി.1244 | മാസ്ക്, പി.പി.ഇ. കിറ്റ് നിർമ്മാണ യുണിറ്റ് |
| 7 | **മലപ്പുറം** –പത്തപ്പിരിയം വനിതാ സഹകരണ സംഘം ക്ലിപ്തം.എം.590 | സാനിടൈസർ, ഹാൻഡ് വാഷ് നിർമ്മാണ യുണിറ്റ് |
| 8 | **കോഴിക്കോട്** –ചക്കിട്ടപ്പാറ വനിതാ സഹകരണ സംഘം ക്ലിപ്തം.ഡി.2931 | മാസ്ക്, സാനിടൈസർ നിർമ്മാണ യുണിറ്റ് |
| 9 | **കണ്ണൂർ** –പരിയാരം വനിതാ സർവിസ് സഹകരണ സംഘം ക്ലിപ്തം.സി.1470 | മാസ്ക്, പി.പി.ഇ. കിറ്റ്, ക്യാരി ബാഗ്, ഹാൻഡ് വാഷ് നിർമ്മാണ യുണിറ്റ് |
| 10 | **കാസർഗോഡ്** –മടിക്കൈ വനിതാ സർവീസ് സഹകരണ സംഘം ക്ലിപ്തം.എസ്.291 | മാസ്ക്, സാനിടൈസർ നിർമ്മാണയുണിറ്റ് |